# AUPS PARAKAD

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് തലത്തിലും ഇതര പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾക്ക് തുല്യത ഉറപ്പാക്കാനും അവരെ എത്തിച്ചേരേണ്ട ലക്ഷ്യത്തിലേക്ക് എത്തുവാൻ സഹായിക്കുന്നതിന് വിദ്യാലയത്തെ സമഗ്രമാറ്റത്തിന് വിധേയമാക്കുവാനും പൊതുജനപങ്കാളിത്തത്തോടെ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ചു. പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ വിദ്യാലയ സംരക്ഷണ വലയം തീർക്കുകയും വിദ്യാലയത്തെ സംരക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. തുടർന്ന് പൊതുയോഗം കൂടുകയും മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ച തലത്തിൽ വിദ്യാലയസംരക്ഷണ സമിതി രൂപീകരിക്കുകയും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുകയും ചെയ്തു.

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ നാട്ടിലെ പൗരപ്രമുഖരും കക്ഷിരാഷ്ട്രീയ ഭേദമന്യേ പൂർവ്വവിദ്യാർത്ഥികളും പ്രവർത്തന സജ്ജമായി മുൻനിരയിൽ ഉണ്ട്. ശ്രീ. കവി. സി. രാവുണ്ണി, ശ്രീ. ഗോപിദാസൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തന രൂപരേഖകൾ തയ്യാറാക്കുന്നു.

## ചരിത്രം

സ്വാതന്ത്ര്യസമരം കൊടുമ്പിരി കൊണ്ടിരിക്കുന്ന കാലം സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതിനെപ്പറ്റി ദേശസ്നേഹികൾ പരസ്പര ചർച്ചകളിൽ ഏർപ്പെട്ടിരിക്കുന്നു. അക്കാലത്ത് ഇപ്പോഴത്തെ അരിമ്പൂർ ഗ്രാമപഞ്ചായത്ത് എറവ് പഞ്ചായത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. 4 വില്ലേജുകൾ ഉൾപ്പെടെ പഞ്ചായത്തിൽ എറവ് വില്ലേജ് പൂർണ്ണമായും വെളുത്തൂർ, പരക്കാട് വില്ലേജുകൾ ബഹുഭൂരിപക്ഷവും ഉൾപ്പെടുന്ന പ്രദേശത്ത് ഒരു അപ്പർ പ്രൈമറി വിദ്യാലയം ഉണ്ടാകേണ്ടതിനെപ്പറ്റിയും ആലോചനകൾ ശക്തമായപ്പോൾ പെങ്ങാമുക്ക് സ്വദേശിയും വെളുത്തൂർ കറുത്തേതിൽ കൊച്ചുക്കുട്ടി മേണ്ടളുടെ ഭർത്താവും ആയ വാക്കാട്ട് ശ്രീമാൻ കുഞ്ഞുണ്ണി നമ്പിടി അവർകൾ താൽപ്പര്യം എടുക്കുകയും ശ്രീ. സി. ഗോപാലമേനോൻ, മറ്റു പ്രമുഖ വ്യക്തികൾ, വില്ലേജ് അധികാരികൾ എന്നിവരുടെ സഹായസഹകരണത്തോടെ 1945ൽ ആരംഭിച്ചതാണ് ഈ വിദ്യാലയം ശ്രീ. കുഞ്ഞുണ്ണി നമ്പിടിയുടെ സജീവ സാന്നിധ്യം ഈ വിദ്യാലയത്തിൽ ദീർഘകാലം ഉണ്ടായിരുന്നു. കെ. നീലകണ്ഠൻ നമ്പിടി, ശ്രീ. കെ. വിജയൻ നമ്പിടി, കെ. കൃഷ്ണൻകുട്ടി നമ്പിടി, കൃഷ്ണൻ നമ്പിടി, നാരായണൻ നമ്പിടി എന്നിവരുടെ പേരുകളും ഈ അവസരത്തിൽ സ്മരിക്കുന്നു. അധ്യാപനം ഒരു തപസ്യയാക്കി കണക്കാക്കി പാഠഭാഗങ്ങൾ കൃത്യമായും കർക്കശമായും പഠിപ്പിച്ചിരുന്ന അധ്യാപകർ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും ശ്രദ്ധാലുക്കളായിരുന്നു. ശ്രീമതി കെ. അമ്മുക്കുട്ടി, എം. പത്മാലയദേവി, വി. പത്മാവതി, കെ.സുഭദ്ര, എസ്. കെ. രുഗ്മിണി, പി. ഗോപാലകൃഷ്ണൻ, സി.എം. ഫിലോമിന, എം.പി. ഗ്രേസി, പ്രധാന അധ്യാപകരായും പി.വി.റോസി, പി. തങ്കം, ടി. തങ്കമണി, കെ. രാധ, കെ. സീമന്തിനി, ഇ. രത്നം, പണ്ഡിറ്റ് കെ.കെ. പ്രഭാകരൻ, കെ.കെ. രാജൻ എന്നീ അധ്യാപകരും കെ. നാരായണൻ നമ്പിടി എന്ന കുട്ടൻ നമ്പിടി പ്യൂൺ ആയും ഉള്ള ഒരു നല്ല ടീം തന്നെയായിരുന്നു നമ്പിടി സ്ക്കൂളിന്റെ മുതൽക്കൂട്ട്. ഗോപാലകൃഷ്ണൻ മാസ്റ്റർ ഈ വിദ്യാലയത്തിൽ അധ്യാപകനായി കാലുക്കുത്തുമ്പോൾ അന്നത്തെ മാനേജർ അനിയൻ നമ്പിടി എന്നു വിളിക്കുന്ന കൃഷ്ണൻ നമ്പിടിയായിരുന്നു. രണ്ടാം തലമുറയിലെ അധ്യാപകരായ ടി.ജെ. പോൾ, ശ്രീമതിമാർ - എം. വിജയലക്ഷ്മി, സി.എം. ഫിലോമിന, എം.പി. ഗ്രേസി, കെ. ഇന്ദിരാദേവി, കെ. സുന്ദരി, വി. ലീലക്കുട്ടി, വി. കമലാക്ഷി, പി.എൻ. തങ്കം, സി. സതീദേവി, പി.കെ. കാർത്ത്യായനി എന്നിവർ പുതിയ അധ്യാപക നിരയിൽ സ്ഥാനം പിടിച്ചു. കിഴക്ക് സ്വകാര്യ വ്യക്തിയുടെ ഭൂമിയും വടക്ക് കാഞ്ഞാണി - തൃശ്ശൂർ റോഡ്, പടിഞ്ഞാറ് ശങ്കരൻ നമ്പിടി റോഡ് (കൂട്ടാല അമ്പലം വഴിയും) തെക്ക് സ്വകാര്യ വ്യക്തിയുടെ ഭൂമിയും സ്ഥിതി ചെയ്യുന്നു.

മൂന്നാം തലമുറയിലെ അധ്യാപകരായി HM A.P. Sheela, Jyothi K., ~~Johny P.J.~~ Johny, Sujitha K.K., Simey T.S., Simitha T.M., Sunilkumar.K., Anoop N, എന്നിവർ മാറ്റങ്ങൾക്കായി വെമ്പി നിൽക്കുന്ന വിദ്യാലയത്തിലേക്കാണ് ഈ പുതുതലമുറ കടന്നുവന്നത്. ശോചനീയാവസ്ഥയിലായിരുന്ന പഴയകെട്ടിടങ്ങളിൽ നിന്നും പുതിയ രൂപത്തിലുള്ള ഇന്നത്തെ കെട്ടിടത്തിലേക്ക് കൊണ്ടെത്തിക്കുന്നതിൽ അധ്യാപകർ മുഖ്യ പങ്കുവഹിച്ചു. ശ്രീ. കറുത്തേതിൽ കൃഷ്ണൻകുട്ടിയുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രവർത്തനത്തിന് ഊർജ്ജമേകി. അക്കാദമിക് തലത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച നിലവാരം കാഴ്ചവെക്കാൻ ഇപ്പോഴും സാധിക്കുന്നു എന്നുള്ളത് അധ്യാപകരുടേയും പി.ടി.എ.യുടേയും കൂട്ടായ സഹകരണത്തിന്റെ തെളിവാണ്. ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ രംഗത്തെ അൺഎയ്ഡഡ് സ്ക്കൂളുകളുടെ അതിപ്രസരം, നിശ്ചിത ദൂരപരിധിയിൽ പ്രവർത്തിക്കുന്ന യു.പി. സ്ക്കൂളുകളുടെ എണ്ണം കൂടുതലും വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുവരാൻ കാരണമായെങ്കിലും ഇതിനെ മറികടക്കുന്നതിനായി ജനകീയ കൂട്ടായ്മയുടെ പിന്തുണയോടെ അധ്യാപകർ പൂർവ്വാധികം ശക്തമായി പരിശ്രമിക്കുന്നു.

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |

സംസ്കൃതം

അക്കാദമിക്ക് മാസ്റ്റർപ്ലാൻ

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം .<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

| Objectives | Activities | Period | Charge | Financial Analysis |
|---|---|---|---|---|
| **English**<br>To develop the ability to read and write the English language more effectively | - English Assembly, Badge and poster preparation, chain reading.<br>- Set monthly reading goals by author or paragraph from TB.<br>Write book review once in a two week.<br>- promote diary writing<br>- collect important news headlines from English news paper and write it on the English notebook | 2025-26<br>throughout the Accademic year. | Sujitha K.K<br>Simcy T.S | |
| To develop the listening skills | - Listening to podcaste<br>- Teacher talk<br>- Radio news during noon interval | | | |

| Objective | Activities | Period | Charge | Financial Analysis |
|---|---|---|---|---|
| To develop the listening skills | - Listening to poems or stories and filling the gap efficiently<br>- Read along with the story and poems<br>- Teacher reads or dictate a passage or words in a maximum speed. Students should write maximum words along with the dictation without asking anything. This will improve the listening skill of students especially helpful to above average students.<br>- giving opportunity to hear entertainment programmes. cartoon, music, English film.. | 2025-26<br>January to March | Sujitha. K.K<br>Simcy. T.S.<br>English Club | |

| Objective | Activities | Period | Charge | Financial Analysis |
| --- | --- | --- | --- | --- |
| Use ICT more efficiently | - The use of ICT make the teaching learning process very simple ~~and~~ interesting, attractive ... | 2025-26 | Sujitha.K.K<br>Simcy.T.S | |

# AUPS PARAKAD

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, ഗോലികൾ, മുത്തുകൾ, ഫ്ളാഷ് കാർഡ്....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും ചിന്താശേഷിയുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കടലാസ് ഒറിഗാമിയിലൂടെ ഗണിതശേഷികൾ ഉറപ്പിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, പസ്സിലുകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികാസം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലഘട്ടം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രം<br>സാമൂഹ്യശാസ്ത്രത്തിനോട് കൂടുതൽ താല്പര്യം വളർത്തിയെടുക്കൽ | - ക്ലബ് രൂപീകരിക്കുന്നു.<br>- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണത്തിന് ക്വിസ്, പോസ്റ്റർ, പ്രതിമാസം കൊളാഷ്, റാലി, ഫിലിം പ്രദർശനം എന്നിവ നടത്തുന്നു. | June | Johney.P.J<br>Sujithakk<br>Social Club | |
| നിറയുന്ന ഭൂപടം - ഭൂപടവിശകലനം | - കേരളം, ഇന്ത്യ, ലോകം എന്നീ ഭൂപടങ്ങൾ ക്ലാസുകളിൽ പ്രദർശിപ്പിച്ച് പാഠഭാഗത്തിൽ പരിചയപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്നു. | June to March | | |
| സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകം. | - സാമൂഹ്യശാസ്ത്ര പാഠഭാഗത്ത് പുതിയതായി കണ്ടെത്തിയ കാര്യങ്ങൾ പുസ്തകത്തിൽ രേഖപ്പെടുത്തുന്നു.<br>- ചിത്രങ്ങൾ ഒട്ടിക്കുന്നു — Picture Album | | | |

| ലക്ഷ്യം | പ്രവർത്തനം | കാലഘട്ടം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. (Field Trip. Survey) | 2025-26 | Sujitha. Johny | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | June to March (രണ്ട്, മൂന്ന് പ്രാവശ്യം) | " | |

| NO | മേഖല | പ്രവർത്തനം | കാലയളവ് | സംഘാടന ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1. | ബോധവൽക്കരണം. | പകർച്ച വ്യാധികളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്. | July | സയൻസ് അദ്ധ്യാപകർ പിടിഎ | 500/- |
| 2 | ഫീൽഡ് ട്രിപ്പ് | തൊട്ടടുത്ത പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഫീൽഡ് ട്രിപ്പ് | July | science tr science club PTA | 1000/- |
| 3. | ശുചീകരണം | ഡ്രൈ ഡേ ആചരണം | ആഴ്ചയിൽ ഒരിക്കൽ | Science club | 500/- |
| 4 | മാതൃകാ നിർമ്മാണം. | സൂക്ഷ്മ ജീവികളുടെ മാതൃക നിർമ്മിക്കുന്നു. | July | Science tr | 700/- |
| 5 | രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം | July/ August | Science club. | 1000/- |

| No | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| | പഠന യാത്ര | കൃഷി സ്ഥലം, കാവ്, കുളം എന്നിവ സന്ദർശിക്കുന്നു. | June/ July | Science tr. club members | 1000/- |
| | ബോധവൽക്കരണം. | ICT ഉപയോഗിച്ച് പകർച്ചവ്യാധികളും വ്യാപന രീതികളും അവതരിപ്പിക്കുന്നു. | June/ July | Science tr, TTA. | 500/- |
| | ശുചിത്വ സർവ്വെ | കുട്ടികളുടെ വീട് സന്ദർശനം, ശുചിത്വ സർവ്വെ സംഘടിപ്പിക്കൽ. | August | Science tr, pupils. | 500/- |
| | Docamentry | ശുദ്ധ ജല സ്രോതസ്സ് സംരക്ഷണത്തോടനുബന്ധിച്ച് Documentry പ്രദർശനം. | Sept. | വിദ്യാർത്ഥികൾ/ രക്ഷിതാക്കൾ. | 1000/- |
| | പച്ചക്കറിത്തോട്ട നിർമ്മാണം. | School പച്ചക്കറിത്തോട്ട നിർമ്മാണം. | Oct | കുട്ടികൾ രക്ഷിതാക്കൾ / സ്കൂൾ അധ്യാപകർ | 3000/- |

| NO. | മേഖല | പ്രവർത്തനം | കാലയളവ് | [illegible] | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഫീൽഡ് ട്രിപ്പ് / പച്ചക്കറിത്തോട്ട നിർമ്മാണം | തൊട്ടടുത്ത നേഴ്സറിയിലേക്ക് സന്ദർശനം നടത്തുന്നു. | June | സയൻസ് tr, അധ്യാപകർ PTA. | 500/- |
| 2 | ആസിഡുകൾ. VII സൂചക നിർമ്മാണം | പ്രകൃതിദത്ത സൂചകങ്ങൾ കണ്ടെത്തി ആസിഡുകളും ബേസുകളും തിരിച്ചറിയുന്നു. | July | Science tr, Teachers | - |
| 3 | സോപ്പ് നിർമ്മാണം | സോപ്പ് നിർമ്മാണത്തിൽ വിദഗ്ധരായ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ സോപ്പ് നിർമ്മാണത്തിൽ പങ്കെടുക്കുന്നു. | July | PTA Teachers | |
| | | | | | |